**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3639** **02-03-2023 - ൽ മറുപടിയ്ക്ക്**

**വാഹനാപകടങ്ങൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യ കാരണം വാഹനപ്പെരുപ്പം, അശ്രദ്ധമായ ഡ്രൈവിംഗ്, ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കൽ , റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയാണെന്ന് കരുതുന്നുണ്ടോ; വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹനാപകടങ്ങളുടെ മുഖ്യകാരണം വാഹനപ്പെരുപ്പം, അശ്രദ്ധമായ ഡ്രൈവിംഗ്, ഗതാഗത നിയമങ്ങൾ പാലിക്കാതിരിക്കൽ, റോഡുകളുടെ ശോചനീയാവസ്ഥ എന്നിവയാണെന്ന് മുൻകാല അപകടങ്ങളുടെ കാരണങ്ങൾ വിശകലനം ചെയ്തതിൽ നിന്നും വ്യക്തമായിട്ടുണ്ട്. വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിന് വേണ്ടി സംസ്ഥാനത്താകെയുള്ള മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനം ശക്തമാക്കി നിയമലംഘനങ്ങൾക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ക്വാഡുകളുടെ പ്രവർത്തനം ആഴ്ചതോറും വിലയിരുത്തുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ റോഡ് ഉപയോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുന്നുണ്ട്. സേഫ് കേരള പദ്ധതിയുടെ ഭാഗമായി 675 Artificial Intelligence Camera -കൾ ഉൾപ്പെടെ 726 ക്യാമറകൾ സ്ഥാപിച്ച് നിയമലംഘനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിരീക്ഷിച്ച് നടപടികൾ കൈക്കൊള്ളുന്നത് ഉടനെ പ്രവർത്തനക്ഷമമാക്കുന്നതാണ്. |
| (ബി) | നഗരങ്ങളിൽ പൊതു ഗതാഗത സംവിധാനം കാര്യക്ഷമമാക്കി സ്വകാര്യവാഹന ഉപയോഗം കുറയ്ക്കാൻ സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ നൽകാമോ; | (ബി) | പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ, സിറ്റി ഷട്ടിൽ, സിറ്റി റേഡിയൽ തുടങ്ങി വൈവിദ്ധ്യമാർന്ന സർവ്വീസുകൾ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ലഭ്യമാക്കി ആരംഭിച്ചു.ഇടറോഡുകൾ, റസിഡൻഷ്യൽ ഏര്യ എന്നിവിടങ്ങളിൽ നിന്നും ജനങ്ങളെ പ്രധാന ബസ് സ്റ്റോപ്പുകളിൽ |

| | | | |
|---|---|---|---|
| | | | എത്തിക്കുന്നതിനായി ഫസ്റ്റ് മൈൽ കണക്ടിവിറ്റിയായി ഗ്രാമവണ്ടി, ചെറിയ ബസ്സുകൾ ഉപയോഗിച്ച് ഫീഡർ സർവ്വീസുകൾ തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാന വ്യാപകമാക്കുന്നതോടെ ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുകയും സ്വകാര്യ വാഹനങ്ങൾ ഒഴിവാക്കിയും നഗരത്തിലെയും റോഡ് വക്കിലേയും പാർക്കിംഗ് ഒഴിവാക്കിയും യാത്രക്കാർ പബ്ലിക് ട്രാൻസ്പോർട്ട് സൗകര്യം ഉപയോഗിക്കുകയും തദ്വാര ട്രാഫിക് ബ്ലോക്കും അപകടങ്ങളും കുറയ്ക്കുവാൻ സഹായകമാവുകയും ചെയ്യും. |
| (സി) | അശാസ്ത്രീയമായ പാർക്കിംഗ് അപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (സി) | അശാസ്ത്രീയമായ പാർക്കിംഗ് അപകടങ്ങൾക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ട്. |
| (ഡി) | പാർക്കിംഗ് നയം രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ അത് പ്രാവർത്തികമാക്കാൻ നടപടിയുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പാർക്കിംഗ് നയം രൂപീകരണം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത് തദ്ദേശ സ്വയംഭരണ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ